# ശമ്പളവർധനവിന് ഉദ്യോഗസ്ഥർ അർഹരാണോ ?

കെ.എം.ഗംഗാധരൻ

സർക്കാരുദ്യോഗസ്ഥർക്ക് ഇനി ആനന്ദത്തിന്റെ കാലം. കാത്തിരുന്ന ശമ്പളവർധനവ് ഇതാ പടിവാതിൽക്കൽ. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം കേന്ദ്രനിരക്കിന് തുല്യമാക്കണമെന്ന ദീർഘനാളായുള്ള മുറവിളിക്ക് ശമ്പളപരിഷ്കരണം പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവു നല്കിയിരിക്കുകയാണ്.

പല വിഭാഗങ്ങളിലും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലാണ് വർധന. പ്രൈമറി, ഹൈസ്കൂൾ അധ്യാപകർക്കും ക്ലർക്കിതര സാങ്കേതിക വിഭാഗക്കാർക്കും ശമ്പളപരിഷ്കരണസമിതി ശുപാർശ ചെയ്തതിലും അധികമാണ് വർധന. പ്രൈമറി അധ്യാപകർക്ക് 3590–5400–ഉം ഹൈസ്കൂൾ അധ്യാപകർക്ക് 4500–7000–ഉം സ്കെയിലുകളാണ് ശമ്പളപരിഷ്കരണസമിതി നിർദ്ദേശിച്ചിരുന്നത്. എന്നാൽ, ഇവ യഥാക്രമം 4000–6090 ഉം 4600–7125–ഉം ആക്കി വർധിപ്പിച്ചുകൊണ്ട് സർക്കാർ ഏകപക്ഷീയമായി തീരുമാനമെടുത്തിരിക്കുകയാണ്.

പുതിയ ശമ്പളപരിഷ്കരണപ്രകാരം അടിസ്ഥാന ശമ്പളത്തിൽ ഏറ്റവും കുറഞ്ഞ വർധന 250 രൂപയായിരിക്കും. മൊത്തം ശമ്പളത്തിൽ 500 രൂപ മുതൽ 6500 രൂപ വരെ വിവിധ തസ്തികകളിലായി വർധനവുണ്ടാകും.

ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി 904 കോടി രൂപയുടെ അധികബാധ്യത സർക്കാരിന് വന്നുചേരും. ഈ വർഷം തന്നെ 945 കോടിയുടെ ബജറ്റ് കമ്മിയുണ്ട് സർക്കാരിന്. ഇതിന്റെ കൂടെയാണ് 904 കോടി രൂപയുംകൂടി ചേരുക. ഇതെങ്ങനെ സംഘടിപ്പിക്കുമെന്ന് വ്യക്തമല്ല.

നികുതിവർധിപ്പിക്കുകയും സേവനരംഗങ്ങളിൽ അധികനിരക്ക് ചുമത്തുകയും മാത്രമേ പോംവഴിയുള്ളു. മെഡിക്കൽ, വൈദ്യുതി, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ വൻതോതിൽ നിരക്കുവർധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നതായറിയുന്നു. എന്തായാലും നിത്യജീവിതച്ചെലവ് ഉയരുമെന്നുള്ളത് തീർച്ചയാണ്.

മാർക്കറ്റിൽ വലിയൊരു വിലവർധനവ് താമസിയാതെ പ്രതീക്ഷിക്കാവുന്നതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളനിരക്കിന് ആനുപാതികമായി ചന്തയിൽ സാധനങ്ങളുടെ വിലയും കൂടുമെന്നുള്ളത് വളരെ നിസ്സാരമായൊരു സാമ്പത്തികശാസ്ത്ര പാഠമാണ്. സർക്കാർ ജോലിയില്ലാത്ത സാധാരണക്കാരുടെ ജീവിതം ദുസ്സഹമായിത്തീരുമെന്ന് സാരം.

സർക്കാർ ജീവനക്കാരുടെ ശമ്പളവർധനവുകൊണ്ട് യാതൊരു നേട്ടവുമില്ലാത്ത സമൂഹത്തിലെ ഭൂരിപക്ഷത്തിനും ശമ്പളവർധനവിന്റെ ഭാരം പേറേണ്ടിവരും.

ശമ്പളവർധനവിന് ആരും എതിരല്ല. പക്ഷേ, ഒരു ജനാധിപത്യ വ്യവസ്ഥയിൽ സർക്കാരിന് അതിന്റെ എല്ലാ പ്രജകളുടേയും ജീവിതം സുരക്ഷിതമാക്കേണ്ട ബാധ്യതയുണ്ട്. എന്നാൽ സ്വന്തം വേലക്കാരുടെമാത്രം ജീവിതം സുരക്ഷിതമാക്കിക്കൊണ്ട് ബാക്കിയുള്ളവരോട് സർക്കാർ അനീതി കാണിക്കുന്നു.

ഉദ്യോഗസ്ഥ സംഘടനകളുടെ സമീപനമാണ് ഏറ്റവും വിചിത്രം. കിട്ടിയതുകൊണ്ടൊന്നും അവർ തൃപ്തരായിട്ടില്ല. സമരവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ് അവർ. ജോലി കിട്ടിക്കഴിഞ്ഞാൽ സ്വന്തം കാര്യം മാത്രം ചിന്തിക്കുന്ന ഏറ്റവും സ്വാർത്ഥരായ വിഭാഗമാണ് ഉദ്യോഗസ്ഥവർഗം. കിട്ടിയതുപോരെന്നു പറയുമ്പോൾ, സ്വകാര്യമേഖലയിൽ നക്കാപ്പിച്ച വേതനത്തിന് പകലന്തിയോളം കഷ്ടപ്പെടുന്ന മറ്റുള്ളവരെ ഇവർ മറക്കുന്നു; തൊഴിലില്ലാത്തവരെയും. എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാരിന് ആവുകയുമില്ലല്ലോ.

ഏറ്റവും കാതലായ പ്രശ്നം ഈ ശമ്പളവർധനവിന് ഉദ്യോഗസ്ഥർ അർഹരാണോ എന്നതാണ്. പതിനൊന്ന് മണിയാവുമ്പോൾ ഓഫീസിലെത്തി പതിനൊന്നരയ്ക്ക് ചായകുടിക്കാനിറങ്ങി പന്ത്രണ്ട് കഴിയുമ്പോൾ തിരിച്ചുവന്ന് പന്ത്രണ്ടരയ്ക്ക് ഭക്ഷണം കഴിക്കാൻ പോയി രണ്ടരയോടെ എത്തിനോക്കി മൂന്നുമണിക്ക് ഒരു ചായ കുടിയുംകൂടി നടത്തി നാലുമണിക്ക് ഓഫീസ് കാലിയാക്കുന്ന ഏറെ ഉദ്യോഗസ്ഥരുണ്ട് നമുക്ക്. ഓഫീസിലുള്ള സമയത്തുതന്നെ സാധാരണക്കാർ എന്തെങ്കിലും ആവശ്യങ്ങൾക്കായി എത്തിയാൽ സാമാന്യമര്യാദ കാണിക്കാനുള്ള സന്മനസ്സുപോലും ഇവർ കാണിക്കാറില്ല. ഇവർ ശമ്പളവർധനവിന് ഒരിക്കലും അർഹരല്ല തന്നെ.

ശമ്പളവർധനവിലൂടെ ഏറ്റവും കൂടുതൽ ഗുണമുണ്ടായിട്ടുള്ള വിഭാഗമാണ് അധ്യാപകർ. കൊച്ചുകുട്ടികളെ പഠിപ്പിക്കുന്ന പ്രൈമറി അധ്യാപകർക്ക് ശമ്പളവർധനവ് തീർച്ചയായും പ്രോത്സാഹജനകമാണ്. പക്ഷേ, ഒട്ടും ആത്മാർത്ഥതയില്ലാത്ത വിഭാഗമായി അധ്യാപകർ മാറിക്കൊണ്ടിരിക്കുകയാണെന്ന വസ്തുതയും കണക്കിലെടുക്കേണ്ടതുണ്ട്. കാലത്തിന്റെ പ്രശ്നം മാത്രമായി ഇതിനെ കാണുക വയ്യ. പണക്കൊഴുപ്പുകൊണ്ടുമാത്രം, അർഹതയോ പ്രതിബദ്ധതയോ ഇല്ലാതെ പിൻവാതിലിലൂടെ ഏറ്റവും കൂടുതൽ തൊഴിലാളികൾ കയറിക്കൂടുന്ന മേഖലയാണ് വിദ്യാഭ്യാസം. ചുളിവിലൊരു ടി.ടി.സി.യോ ബി.എഡ്ഡോ സംഘടിപ്പിച്ച് ലക്ഷങ്ങൾ വാരിയെറിഞ്ഞാൽ ഇവിടെ അധ്യാപകജോലി കിട്ടുമെന്നായിട്ടുണ്ട്. സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരാണ് ലാഭം കൊയ്യുന്നത്. ഇത്തരക്കാർ സർക്കാർ ജീവനക്കാരായി മാറുന്നതോടൊപ്പം ശമ്പളവർധനവടക്കമുള്ള സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങൾക്കും അവകാശികളായിത്തീരുന്നു. ഇവരുടെ അർഹതയും ചോദ്യംചെയ്യപ്പെടേണ്ടതാണ്.